## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4407 — 25-10-2016-ൽ മറുപടിയ്ക്ക്

## കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്ന് ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്.തോമസ്<br>ഡോ. എൻ. ജയരാജ് | | ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| (എ) | കാരുണ്യബനവലന്റ് ഫണ്ടിൽനിന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക്, എത്ര തുക ധനസഹായമായി അനുവദിച്ചു; വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 23,187 പേർക്കായി 232.87 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം അനുവദിച്ച തുകയിൽ ഒറ്റത്തവണ ധനസഹായം ഇനത്തിൽ എത്ര പേർക്ക്, എത്ര തുക ഇതുവരെ അനുവദിച്ചു; വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമാശ്വാസ ചികിത്സാ ധനസഹായം അനുവദിച്ചിട്ടില്ല. |
| (സി) | മാനദണ്ഡങ്ങൾക്ക് അനുസൃതമായി യഥാസമയം കെ.ബി.എഫ്-ൽ അപേക്ഷ നൽകുകയും എന്നാൽ അനുമതി ലഭിക്കുന്നതിനു മുൻപ് അടിയന്തിര ഘട്ടത്തിൽ ചികിത്സ നടത്തുകയും ചെയ്ത റീഇംബേഴ്സ്മെന്റ് അപേക്ഷകളിൽ എത്രയെണ്ണത്തിന് ധനസഹായം കൈമാറി; വ്യക്തമാക്കുമോ; | (സി) | 16/10/2016 വരെ 743 അപേക്ഷകർക്ക് 4,09,66,002/- (നാലുകോടി ഒൻപത് ലക്ഷത്തി അറുപത്തി ആറായിരത്തി രണ്ട്) രൂപ റീഇംബേഴ്സ്മെന്റ് ഇനത്തിൽ ധനസഹായം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഇനത്തിൽ എത്ര അപേക്ഷ പെന്റിംഗ് ഉണ്ട്; ഏതു തീയതി മുതലുള്ള അപേക്ഷകളാണെന്ന് വ്യക്തമാക്കുമോ; | (ഡി) | 25-10-2012 മുതലുള്ള 776 അപേക്ഷകൾ വിവിധ കാരണങ്ങളാൽ പെന്റിംഗിലാണ്. |

സെക്ഷൻ ഓഫീസർ.